I/247490/2023

"ഭരണഭാഷ - മാതൃഭാഷ"

നം:-DGE/3947/2023-M4

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 07-03-2023

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം **അന്താരാഷ്ട്ര വനിതാ ദിനം** ആഘോഷിക്കുന്നത് - സംബന്ധിച്ച്

സൂചന :-
1. 04-03-2023 തീയതിയിലെ എൻ1/67/2023/പൊ.വി.വ നമ്പർ കത്ത്.
2. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 21-1/2023-IS-II തിയതി 17/2/2023.

*****

2023 മാർച്ച് 08 അന്താരാഷ്ട്ര വനിതാ ദിനം ആയി ആചരിച്ചു വരികയാണ്. പ്രസ്തുത ദിനത്തിന്റെ പ്രാധാന്യം ഊട്ടി ഉറപ്പിക്കുന്നതിലേക്കായി സ്കൂളുകളിലെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഫലപ്രദമായ വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കേണ്ടതും താഴെ പറയുന്ന പരിപാടികൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നതിനവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

⇒ സ്ത്രീകളുടെ അവകാശങ്ങളിലും ലിംഗസമത്വത്തിലും, ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഭാഷാ ക്ലാസ്സുകളിൽ സ്ത്രീശാക്തീകരണത്തെക്കുറിച്ചുള്ള കഥാകഥനങ്ങൾ , സാമൂഹ്യശാസ്ത്ര ക്ലാസ്സുകളിൽ സാമൂഹിക രംഗങ്ങളിൽ സ്ത്രീകൾക്ക് തുല്യാവകാശത്തിനായി പോരാടുന്ന പ്രമുഖരെക്കുറിച്ചുള്ള ചർച്ചകളും സംഘടിപ്പിക്കാവുന്നതാണ്.

⇒ സ്ത്രീ ശാക്തീകരണം പ്രമേയമാക്കി രാവിലെ പ്രത്യേക അസംബ്ലി സംഘടിപ്പിക്കേണ്ടതും, അതിൽ വിവിധ മേഖലകളിൽ നേട്ടം കൈവരിച്ച സ്ത്രീകളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, റോൾപ്ലേ, സ്ത്രീശാക്തീകരണത്തെക്കുറിച്ചുള്ള സംഘഗാനം, വിവിധ മേഘലകളിൽ മികച്ച പ്രകടനം കാഴ്ചവെച്ച പെൺകുട്ടികൾക്ക് അവാർഡ്/അംഗീകാരം (അക്കാദമിക്/സ്പോർട്സ്, നൃത്തം, സംഗീതകലകൾ, സാമൂഹിക സേവനം എന്നിവയിൽ )ഉടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ് .

⇒ സായുധസേനകളിലെ വനിതാ പ്രൊഫഷണലുകളുടെ സംഭാഷണങ്ങൾ, ശാസ്ത്രജ്ഞർ, ലോക്കോമോട്ടീവ്പൈലറ്റ്സ്, ബിൽഡിംഗ് കൺസ്ട്രക്ഷൻ, എന്നീ മേഖലകളിലെ വനിതകളെ കുറിച്ചുള്ള പ്രഭാഷണങ്ങളും അത്തരം വനിതകളും സ്കൂൾ കുട്ടികളുമായുള്ള ആശയവിനിമയവും സംഘടിപ്പിക്കാവുന്നതാണ്.

⇒ വനിതാ കായികതാരങ്ങളുടെ നേട്ടങ്ങൾ ഉയർത്തിക്കാണിക്കുന്നതിലൂടെ പെൺകുട്ടികൾക്ക് കായിക രംഗത്ത് സജീവമായി പങ്കെടുക്കുവാൻ പ്രോത്സാഹനം നൽകാവുന്നതാണ്.

⇒ സ്കൂളിനും സമൂഹത്തിനും മികച്ച സംഭാവനകൾ നൽകിയ വനിതാ ജീവനക്കാരെ അഭിനന്ദിക്കാവുന്നതാണ്.

⇒ സ്കൂൾതലത്തിലോ സ്കൂളിലേക്ക് പോകുമ്പോഴോ യാത്ര ചെയ്യുമ്പോഴോ പെൺകുട്ടികൾ നേരിടേണ്ടി

വരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ചകൾ സംഘടിപ്പിക്കേണ്ടതും പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

⇒ ചെറുപ്പകാലം മുതൽ തന്നെ സമത്വവും പരസ്പര ബഹുമാനവും എന്ന ആശയം കൊണ്ടുവരുവാൻ ആൺകുട്ടികളെയും പ്രോത്സാഹിപ്പിക്കണം

⇒ സെക്കണ്ടറി / ഹയർസെക്കൻഡറി തലങ്ങളിൽ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി ആർത്തവ ആരോഗ്യത്തെയും ശുചിത്വത്തെയും കുറിച്ച് അവബോധം സൃഷ്ടിക്കേണ്ടതാണ്.

സാധാരണ സ്കൂൾ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്തവിധം മേൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതും ആയതിൻറെ റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

Signed by
Shine Mon M K
Date: 07-03-2023 20:23:54

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്:

1.എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

2.എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്.എസ്.ഇ വിഭാഗം)

3.എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്.എസ്.ഇ.വിഭാഗം)

4.എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിർമാർക്കും

5.എല്ലാ പ്രധാന അധ്യാപകർക്കും (സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ.സ്കൂളുകൾ ഉൾപ്പെടെ)(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേനെ)

പകർപ്പ്:

1. കരുതൽ ഫയൽ